2597.77
6/12/17

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ല, ചൂണ്ടൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി.കെ. ശിവരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================================

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.3837/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 28.11.2017

==================================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.02.2015-ലെ ഇ 8 (എസ് സി 12/14/ടിഎസ്ആർ) 39958/2013 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 24.03.2015-ലെ 2273/ഡി3/2015/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 30.11.2015-ലെ 407/ഇപിബി3/2015/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീ. പി.കെ. ശിവരാമൻ സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത പ്രതിവാദ പത്രിക
7. പഞ്ചായത്ത് ഡയറക്ടറുടെ 07.06.2016-ലെ ഡി7-43534/15 നമ്പർ റിപ്പോർട്ട്

## ഉത്തരവ്

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമ പഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പരിശോധനയിൽ ചൂണ്ടൽ ഗ്രാമപഞ്ചായത്തിൽ ശ്രീ. കെ. സുനിൽ എന്നയാൾ ഒരു സ്കൂൾ കെട്ടിട നിർമ്മാണത്തിനായി നല്കിയ അപേക്ഷയിൽ ഭൂമിയുടെ തരം നിലമാണെന്നത് പരിഗണിക്കാതെ നിർമ്മാണാനുമതി നല്കിയതിൽ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി.കെ. ശിവരാമന്റെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന് പരാമർശം (3) പ്രകാരം കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിച്ചു കുറ്റപത്രത്തിന് ടിയാൾ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാൾ സാങ്കേതിക വിദഗ്ധനായ എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചിട്ടുള്ളതെന്നും എഞ്ചിനീയർ ശുപാർശ നല്കിയതിനനുസരിച്ചാണ് ബിൽഡിംഗ് പെർമിറ്റ് നല്കിയിട്ടുള്ളതെന്നുമാണ് വാദിച്ചിരിക്കുന്നത്. ശ്രീ. പി.കെ. ശിവരാമൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ചൂണ്ടൽ ഗ്രാമ പഞ്ചായത്തിൽ 315/2, 315/5, 316/1, 316/2, 316/3, 316/4, 316/5, 316/8, 316/9, 317/1 എന്നിങ്ങനെ പത്ത് സർവ്വെ നമ്പരിൽപ്പെട്ട സ്ഥലത്താണ് സ്കൂൾ കെട്ടിട നിർമ്മാണത്തിനായി അപേക്ഷ നല്കിയിരുന്നതെന്നും ടി അപേക്ഷയോടൊപ്പം ഹാജരാക്കിയ കൈവശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം രേഖപ്പെടുത്തിയിട്ടില്ലെന്നും സ്ഥലത്തിന്റെ ആധാര പകർപ്പുകൾ പരിശോധിച്ചതിൽ 316/3, 316/4, 316/5, 316/8, 316/9 എന്നീ സർവ്വേ നമ്പരുകളിലെ ഭൂമി നിലമാണെന്ന് കാണുന്നതായും, 315/5, 316/1, 316/2, 317/1 എന്നീ സർവ്വേ നമ്പരുകളിലെ ഭൂമി പറമ്പാണെന്നും 315/2 സർവ്വെ നമ്പരിലെ ഭൂമിയുടെ വിവരം വ്യക്തമാക്കാത്തതായും കാണുന്നുണ്ടെന്നും കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷ പഞ്ചായത്തിൽ ലഭിച്ചപ്പോൾ ആയത് പഞ്ചായത്ത് എഞ്ചിനീയർക്ക് കൈമാറുകയും എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച നിലം എന്ന് രേഖപ്പെടുത്തിയ സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തുന്നില്ല എന്നതു പരിഗണിച്ച് മറ്റു സർവ്വെ നമ്പരിലെ ഭൂമിയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം

പെർമിറ്റ് നൽകിയിരിക്കുകയാണ് എന്നും താൻ സൈറ്റ് പരിശോധിച്ചിട്ടില്ല എന്നും ശ്രീ.പി.കെ.ശിവരാമൻ മറുപടി നല്കിയിട്ടുള്ളത് അംഗീകരിക്കത്തക്കതല്ലെന്നും, എഞ്ചിനീയർ പരിശോധിച്ച് 4 സർവ്വേ നമ്പരുകളിലെ ഭൂമി നിലമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, എന്നാൽ 316/4 എന്ന സർവ്വെ നമ്പരിലെ ഭൂമിയും ആധാരത്തിൽ നിലം തന്നെയാണെന്നും 18.11.2013-ന് പെർമിറ്റ് നല്കിയതിൽ 316/4 എന്ന സർവ്വെ നമ്പരും ഉൾപ്പെട്ടതായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 23.11.2013-ന് അസിസ്റ്റന്റ് എഞ്ചിനീയർ പെർമിറ്റ് ക്യാൻസൽ ചെയ്യണമെന്ന് സെക്രട്ടറിയെ അറിയിച്ചതിനെത്തുടർന്ന് ടി പെർമിറ്റ് ക്യാൻസൽ ചെയ്തിട്ടുണ്ടെന്നും എന്നാൽ പഞ്ചായത്തിൽ ലഭിച്ച അപേക്ഷയും അനുബന്ധ രേഖകളും പരിശോധിക്കാതിരുന്നത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള ജാഗ്രതക്കുറവ് തന്നെയാണെന്നും, സൈറ്റ് പരിശോധിച്ചിട്ടില്ലെങ്കിലും ആധാരങ്ങൾ പരിശോധിച്ചിരുന്നുവെങ്കിൽ പെർമിറ്റ് നല്കിയ നടപടി ഒഴിവാക്കാമായിരുന്നുവെന്നും, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചപ്പോഴെങ്കിലും ആധാരങ്ങൾ നോക്കിയിരുന്നുവെങ്കിൽ 316/4 സർവ്വെ നമ്പരിൽപ്പെട്ട ഭൂമിയിൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നല്കിയത് ഒഴിവാക്കാമായിരുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നിരുന്നാലും പെർമിറ്റ് നല്കി ഒരു മാസത്തിനകം തെറ്റ് തിരുത്തി ആയത് ക്യാൻസൽ ചെയ്തത് പരിഗണിച്ചും ഈ കാലയളവിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതു പരിഗണിച്ചും ശ്രീ. പി.കെ. ശിവരാമൻ സർവ്വീസിൽ നിന്നു റിട്ടയർ ചെയ്തതു പരിഗണിച്ചും ടിയാനെതിരെയുള്ള നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ചൂണ്ടൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.പി.കെ.ശിവരാമന്റെ പ്രതിവാദ പത്രികയും അതിന്മേലുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും പഞ്ചായത്തു സെക്രട്ടറിയുടെ ഭാഗത്തു നിന്നും മേൽനോട്ടക്കുറവ് ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു എന്നാൽ പെർമിറ്റ് നല്കി ഒരു മാസത്തിനകം തെറ്റ് തിരുത്തി ആയത് ക്യാൻസൽ ചെയ്തത് പരിഗണിച്ചും, ഈ കാലയളവിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തത് പരിഗണിച്ചും, കൂടാതെ ശ്രീ. പി.കെ. ശിവരാമൻ 30/4/2015 ൽ സർവ്വീസിൽ നിന്നു റിട്ടയർ ചെയ്തതു പരിഗണിച്ചും ചൂണ്ടൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി.കെ. ശിവരാമനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ് സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി.

1. ശ്രീ. പി.കെ. ശിവരാമൻ, സെക്രട്ടറി (റിട്ട),
   ചൂണ്ടൽ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.വിജി-ഡി4/61/2017/വിജി. തീയതി 23.10.2017 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/407/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ